"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ പഞ്ചായത്തിലെ അടിമലത്തുറ മുതൽ കുരിശ്ശുപള്ളി വരെയുള്ള റോഡിന്റെ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.456/2019/മ.തു.വ** തീയതി,തിരുവനന്തപുരം, 26/06/2019

പരാമർശം:-1) 18.03.2018-ലെ സ.ഉ(സാധാ) നം. 175/2018/ മതുവ ഉത്തരവ്.
2) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23/3/2019 -ലെ ഡി1/44/18/ സി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ പഞ്ചായത്തിലെ അടിമലത്തുറ മുതൽ കുരിശ്ശുപള്ളി വരെയുള്ള റോഡിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായി 398 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1)പ്രകാരം നൽകിയിരുന്നു. ചീഫ് എഞ്ചിനീയർ 371 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും അതിൻപ്രകാരം 12.02.2019-ന് അവസാന തീയതിയായി ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത സൈറ്റിൽ പ്രാദേശിക പ്രശ്നം ഉള്ളതിനാലും കുറച്ച് ഭാഗത്തെ പ്രവൃത്തി പഞ്ചായത്ത് മുഖേന നടപ്പിലാക്കിയതിനാലും ടി പ്രവൃത്തിയുടെ ദർഘാസ് റദ്ദു ചെയ്ത സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്യണമെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കോട്ടുകാൽ പഞ്ചായത്തിലെ അടിമലത്തുറ മുതൽ കുരിശ്ശുപള്ളി വരെയുള്ള റോഡിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായി നൽകിയ 398 ലക്ഷം രൂപയുടെ ഭരണാനുമതി റദ്ദ് ചെയ്ത് പരാമർശം (1) സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

പരാമർശിത സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ജോയിന്റ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ